# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3116 15.02.2013 ൽ മറുപടിക്ക്

**സ്വകാര്യ മില്ലുടമകൾ അമിതമായി നെല്ല് സംഭരിക്കുന്ന നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കടുത്ത വരൾച്ചയും വിളവിലുണ്ടാകുന്ന ഗണ്യമായ കുറവും മൂലം അരിവിലയിലുണ്ടാകാനിടയുള്ള വർദ്ധനവ് മുൻകൂട്ടിക്കണ്ട് സ്വകാര്യമിൽ ഉടമകൾ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്ന തീവ്രമായ നെല്ല് സംഭരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) പ്രസ്തുത നടപടിമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷനു വേണ്ടത്ര നെല്ല് സംഭരണം സാധ്യമാകാത്ത അവസ്ഥ സംജാതമാകുമെന്നുള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) 2012 - 13 ഒന്നാം സീസണിലേയും, രണ്ടാം സീസണിലേയും ഇതുവരെയുള്ള സംഭരണം വച്ചു നോക്കിയാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സംഭരണത്തിൽ കാര്യമായ കുറവ് വന്നിട്ടില്ല. |
| (സി) റേഷൻകടകളടക്കമുള്ള പൊതുവിതരണ സംവിധാനത്തെ ഭാവിയിൽ പ്രതികൂലമായി ബാധിക്കുവാനുള്ള സാധ്യത മുൻനിർത്തി നെല്ലുസംഭരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന റേഷന്റെ വിഹിതം നെല്ലുസംഭരണവുമായി ബന്ധപ്പെട്ടതാണെങ്കിലും, നെല്ല് സംസ്കരിച്ച് ലഭിക്കുന്ന കുത്തരിയുടെ അളവിന് ശേഷമുള്ള മുഴുവൻ അരിയും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകി വരുന്നുണ്ട്. പൊതുവിതരണ ശൃംഖല വഴി റേഷൻ വിതരണം നടത്തുന്നതിനാവശ്യമായ സ്റ്റോക്ക് കേന്ദ്രപൂളിൽ നിന്നാണ് സംസ്ഥാനത്തിനു ലഭ്യമാകുന്നത്. കേരളത്തിലെ നെൽകർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തുല്പാദിപ്പിക്കുന്ന നെല്ലിന് താങ്ങു വില നൽകി സംഭരിക്കുന്നുണ്ട്. ടി നെല്ല് |

കുത്തി അരിയാക്കി ലഭിക്കുന്ന സ്റ്റോക്ക് കേന്ദ്ര പൂളിലെ സ്റ്റോക്കായി പരിഗണിച്ച് റേഷൻ കടകളിലൂടെ വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഈ സ്റ്റോക്ക് കൂടി കണക്കിലെടുത്താണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വിഹിതം നിശ്ചയിക്കുന്നത്. നെല്ല് സംഭരണത്തിലുടെ ലഭിക്കുന്ന അരിയുടെ സ്റ്റോക്ക് കുറയുന്ന സാഹചര്യമുണ്ടായാൽ ആനുപാതികമായി സ്റ്റോക്ക് FCI യിൽ നിന്നും ലഭിക്കും. ഇതിനാൽ പൊതുവിതരണ സമ്പ്രദായത്തിനെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ഇപ്പോഴില്ല.

സെക്ഷൻ ഓഫീസർ